**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2221** **12-02-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്)യിൽ പുതുതായി രജിസ്ട്രേഷൻ നടത്താൻ കഴിയുന്നില്ല എന്നതിനാൽ പദ്ധതിയുടെ ഡേറ്റാബേസ് പുതുക്കി അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളേയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ വിട്ടുപോയ ബി.പി.എൽ കുടുംബങ്ങളെ ഉൾപ്പെടുത്തി പദ്ധതിയുടെ ഡാറ്റാബേസ്, ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻ.എഫ്.എസ്.എ) ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ പുതുക്കി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ; വിശദമാക്കാമോ? | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള ബി.പി.എൽ/ എ.പി.എൽ കുടുംബങ്ങളെ എല്ലാം തന്നെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ 2011 വർഷത്തിൽ നടത്തിയിട്ടുള്ള സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ഉൾപ്പെട്ടിട്ടുള്ള അവശ വിഭാഗങ്ങളെയും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ